# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 91* — 20.3.2012-ൽ മറുപടിക്ക്

**റോഡ് പണിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, പാലോട് രവി<br>,, ജോസഫ് വാഴക്കൻ<br>,, വർക്കല കഹാർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡ് പണിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വലിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. അതനുസരിച്ച് പൊതുമരാമത്ത് റോഡു പണികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി 2 തലങ്ങളിലായി പരിശോധനാ ക്രമം നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യതലത്തിൽ പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ടുള്ള എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ പ്രവൃത്തികൾ, മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേസ് (MoRTH) നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ളതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. 2-ാം തലത്തിൽ സംസ്ഥാനത്തെ ക്വാളിറ്റി കൺട്രോൾ സെൽ, പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തി സാക്ഷ്യപത്രങ്ങൾ നൽകുന്നതും ആയത് കരാർ തുകയ്ക്കുള്ള ബില്ലിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. പണികളുടെ ഗുണനിലവാരം |

ഉറപ്പാക്കുന്നതിന് ക്വാളിറ്റി കൺട്രോൾ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ദേശീയ പാതാ വിഭാഗത്തിൽ പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഓരോ ഡിവിഷന്റെ കീഴിലും അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർവരെയുള്ള ഉദ്യോഗസ്ഥർ പണിനടക്കുന്ന സമയത്ത് പരിശോധനകൾ നടത്തി വരുന്നു. കൂടാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീ യറുടെ കീഴിൽ രണ്ട് ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകൾ ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്.

(ബി) ഇതിനായി ഒരു പ്രത്യേക പരിശോധനാ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത പരിശോധനാ സംഘത്തിന്റെ പ്രവർത്തന രീതി വിശദമാക്കുമോ;

(ബി) റോഡു പണികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനത്തെ ജില്ലകളെ അടുത്ത കാലത്ത് 3 മേഖലകളായി തിരിച്ച് ഓരോ മേഖലയ്ക്കും പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ ഉന്നത ഉദ്യോഗസ്ഥരായ സൂപ്രണ്ടിംഗ് എഞ്ചിനീയറും ചീഫ് എഞ്ചിനീയറും കാലാകാലങ്ങളിൽ പണികൾ പരിശോധിക്കുകയും ആയതിന്റെ പോരായ്മകൾ എന്തെങ്കിലും ഉണ്ടെങ്കിൽ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

(സി) പരിശോധനാ സംഘത്തിന്റെ റിപ്പോർട്ടിൻമേൽ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ ?

(സി) പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം ഗുണനിലവാരം കുറഞ്ഞ പ്രവൃത്തികൾ കണ്ടെത്തിയാൽ ആയത് കരാറുകാരൻ സ്വന്തം ചെലവിൽ പൊളിച്ചു മാറ്റി ഗുണനിലവാരം ഉറപ്പാക്കി വീണ്ടും ചെയ്യേണ്ടതാണെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അങ്ങനെ ചെയ്യാത്ത പക്ഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഗുണ നിലവാരം കുറഞ്ഞ പ്രവൃത്തി പൊളിച്ച് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ച് അതിനായി ചെലവാകുന്ന തുക കരാറുകാരന്റെ ബില്ലിൽ നിന്നും ഈടാക്കുന്നതിനുള്ള വ്യവസ്ഥയും കൂടി പുതുക്കിയ പി.ഡബ്ല്യു. ഡി. മാന്വലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ